"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയക്ടറേറ്റിലെ 'പാരിസ്ഥിതികം' ഘടകത്തിന് കീഴിലുള്ള '3435-03-003-98-PV' അക്കൗണ്ട് ഹെഡിൽ 'പരിസ്ഥിതി അവബോധനവും വിദ്യാഭ്യാസവും' എന്ന ശീർഷകത്തിൽ രണ്ട് പദ്ധതികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.11/2026/ENVT തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.72/2025/പരി തീയതി 24.07.2025

2. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറുടെ 28-11-2025-ലെ ഡി.ഒ.ഇ.സി.സി/ഇ2/273/2024 നമ്പർ കത്ത്

**ഉത്തരവ്**

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയക്ടറേറ്റിൽ 2025-26 സാമ്പത്തിക വർഷത്തിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 'പരിസ്ഥിതി അവബോധനവും വിദ്യാഭ്യാസവും' എന്ന പ്ലാൻ ശീർഷകത്തിൽ 'പാരിസ്ഥിതികം' പദ്ധതികൾക്ക് ₹32 ലക്ഷം ഭരണാനുമതി നല്കിയിരുന്നു. ഇതനുസരിച്ച് ലഭിച്ച അപേക്ഷകളിൽ നിന്ന് വകുപ്പുതല സാങ്കേതിക കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്ത രണ്ട് പദ്ധതികൾ അംഗീകാരത്തിനായി പരാമർശം (2) കത്ത് പ്രകാരം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയക്ടർ സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. '3435-03-003-98-PV' എന്ന അക്കൗണ്ട് ശീർഷകത്തിൽ, 'പാരിസ്ഥിതികം (Paristhithikam)' ഘടകത്തിന് കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി മൊത്തം ₹14,30,000/- (പതിനാലു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ചെലവാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഇടനാടൻ ചെങ്കൽ കുന്നുകളുടെ പാരിസ്ഥിതിക പുനഃസ്ഥാപനം: അരിയിട്ടപാറ പ്രാദേശിക ജൈവവൈവിധ്യ പഠന -പരിപാലന പദ്ധതി – ₹1,80,000/- (ഒരു ലക്ഷം എൺപതിനായിരം രൂപ മാത്രം)

2. യു കാൻ ഹീൽ കൊച്ചി – ₹12,50,000/- (പന്ത്രണ്ട് ലക്ഷം അൻപതിനായിരം രൂപ മാത്രം)

3. മേല്പറഞ്ഞ പദ്ധതികളുടെ ചെലവ് '3435-03-003-98-PV' എന്ന അക്കൗണ്ട് ശീർഷകത്തിൽ, 'പാരിസ്ഥിതികം (Paristhithikam)' ഘടകത്തിന് കീഴിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കൂടാതെ, പദ്ധതികൾ നിലവിലെ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ പൂർത്തിയാക്കേണ്ടതും, യാതൊരു തരത്തിലുള്ള spill-over (കാലാവധി നീട്ടൽ) അനുവദിക്കപ്പെടില്ലെന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UNNIKUTTAN S S

അണ്ടർ സെക്രട്ടറി

പകർപ്പ്:

1. ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്

2. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ, (ആഡിറ്റ്/എ & ഇ), കേരള

3. ധനകാര്യ വകുപ്പ് (14.02.2026 തീയതിയിലെ 3409065: EXP-B3/29/2026-Fin നമ്പർ കുറിപ്പ് പ്രകാരം)

4. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ENVT-A1/292/2025-ENVT )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Royi J
Date: 26-02-2026 17:29:13